TB Movie Panel Intiative

**#Movie** Panel

# സത്യജിത് റായ് ജന്മശതാബ്ദി സ്പെഷ്യൽ

## █▓▒░ പഥേർ പാഞ്ചാലി ░▒▓█

***Written By*** : Aarjith Pradeep

നാടകവും നൃത്തവും സംഗീതവും ക്രമമായ അനുപാതത്തിൽ ക്യാമറയിലേക്ക് പകർത്തുന്നതാണ് സിനിമ എന്ന ഇന്ത്യൻ സങ്കല്പത്തിൽ നിന്ന് വ്യതിചലിച്ച്, സിനിമയും വ്യക്തിത്വമുള്ള ഒരു കലാരൂപമാണെന്നും സംവിധായകൻ എന്നത് അതിനു പൂർണ്ണത നൽകുന്ന കലാകാരനാണെന്നും കാണിച്ചു തന്ന ഒരു കലാ സൃഷ്ടിയാണ് പഥേർ പാഞ്ചാലി. പുരാണ കഥകൾക്കും, ആക്ഷൻ, ഫാന്റസി, പ്രണയ കഥകൾക്കും അപ്പുറം പച്ചയായ മനുഷ്യ ജീവിതവും എങ്ങനെ സിനിമകൾക്ക് പ്രമേയമാക്കാം എന്ന് സത്യജിത് റായ് തന്റെ ആദ്യ സിനിമയിലൂടെ തന്നെ കാണിച്ചു തന്നു.

സത്യജിത് റായുടെ കഥ, പഥേർ പാഞ്ചാലിയുടേയും

രവീന്ദ്രനാഥ ടാഗോറിന്റെ അടുത്ത സുഹൃത്തും ബംഗാളിലെ മികച്ച സാഹിത്യകാരനുമായിരുന്ന സുകുമാർ റായുടെ മകനായാണ് സത്യജിത് റായുടെ ജനനം. മൂന്നാം വയസ്സിൽ അദ്ദേഹത്തിനു തന്റെ പിതാവിനെ നഷ്ടമായി. ഏതാനും വർഷങ്ങൾക്കു ശേഷം അച്ഛന്റെ കുടുംബത്തിൽ നിന്ന് ദക്ഷിണ കൊൽക്കത്തയിലെ ഭവാനിപുരിയിലെ ഇളയമ്മാവന്റെ വീട്ടിലേക്ക് അദ്ദേഹത്തിന്റെ ബാല്യം പറിച്ചു നടപ്പെട്ടു. ഇളയമ്മാവന്റെ വീട്ടിൽ ഏറ്റവും ആധുനികമായ ജീവിതശൈലിയാണ് എല്ലാവരും നയിച്ചിരുന്നത്. പരസ്പരം സംസാരിക്കുന്നത് പോലും ഇംഗ്ലീഷിൽ. ആംഗലേയ ഭാഷയിലുള്ള പ്രാവീണ്യം ചെറുപ്പത്തിൽ നേടാൻ ഇതു റായെ സഹായിച്ചു.സാഹിത്യത്തിലെ ക്ലാസിക്കുകളെല്ലാം ഭാഷയുടെ പരിമിതികൾ ഇല്ലാതെ ചെറുപ്പത്തിൽ തന്നെ വായിക്കുവാൻ ഈ ഭാഷാ പ്രാവീണ്യം അദ്ദേഹത്തെ തുണച്ചു.

അമ്മാവനായ ചാരുദാസിന്റെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ മക്കളായ സതിയും ബിജോയും ഇതേ വീട്ടിലേക്ക് താമസത്തിനായി എത്തി. പ്രായത്തിൽ രണ്ടു-മൂന്നു വയസ്സിനു മൂത്തതെങ്കിലും ബിജോ ആയിരുന്നു പിന്നീട് റായിക്ക് എല്ലാമായി തീർന്നത്. Beethoven നേയും, പോൾ റോബ്സണിനേയും, നെൽസൻ എടിയേയും ഒക്കെ അവർ ഒരുപോലെ ആസ്വദിച്ചു. സംഗീതമായിരുന്നു യൗവ്വനം മുഴുവൻ റായുടെ മനസ്സിൽ നിറഞ്ഞു കവിഞ്ഞ് ഒഴുകിയിരുന്നത്. എപ്പോഴോ ആ സംഗീതത്തിൽ നിന്ന് പ്രണയവും മൊട്ടിട്ടു. തന്നെക്കാൾ മൂന്നു വയസ്സ് പ്രായം കൂടുതൽ ഉണ്ടെന്ന

ചിന്തയോ അമ്മാവന്റെ മകൾ എന്ന ചിന്തയോ അവരുടെ പ്രണയത്തെ ബാധിച്ചതേയില്ല.അത് അവരോടൊപ്പം വളർന്നു കൊണ്ടേയിരുന്നു.

D J കെയ്മർ എന്ന ബ്രിട്ടീഷ് പരസ്യ കമ്പനിയിൽ junior Visualizer എന്ന ജോലി ലഭിച്ചതോടെയാണ് സത്യജിത് റായുടെ ജീവിതത്തിലെ അടുത്ത അധ്യായം ആരംഭിച്ചതെന്ന് പറയാം. അമ്മയോടൊപ്പം പുതിയ വീട്ടിലേക്ക് താമസം മാറ്റുന്നതും ബിജോയുമായുള്ള ഒൻപത് വർഷത്തെ പ്രണയം രണ്ട് വീട്ടുകാരുടേയും അനുവാദത്തോടെ വിവാഹമായി മാറുന്നതുമെല്ലാം ഈ കാലഘട്ടത്തിലാണ്...

ആയിടക്ക് രൂപംകൊണ്ട കൽക്കത്ത ഫിലിം ക്ലബ്ബിൽ അംഗമായതോടെ, ഒരുപാട് നല്ലസിനിമകൾ കാണുവാനും അവയെപ്പറ്റി ചർച്ച ചെയ്യാനും സത്യജിത് റായിക്ക് അവസരം ലഭിച്ചു. സിനിമയെന്ന സ്വപ്നം റായുടെ സിരകളിലേക്ക് ആഴത്തിൽ കുത്തിവെക്കപ്പെട്ടത് അവിടെനിന്നാണ് എന്ന് കരുതാം.

തനിക്ക് സിനിമയാക്കാൻ പറ്റിയ വ്യത്യസ്തവും ജീവസുറ്റതുമായ ഒരു കഥക്കായി സത്യജിത് റായ് ഒരുപാട് പുസ്തകങ്ങൾ വായിച്ചു. പക്ഷേ ഒന്നിലും അദ്ദേഹത്തിന് ഒരു തൃപ്തി ലഭിച്ചില്ല. ഈ അവസരത്തിലാണ്, സിഗ്നയിറ്റ് പ്രസ്സിൽ വന്ന ഒരു നോവൽ സിനിമയാക്കാൻ പറ്റിയതാണെന്ന് മാനേജർ ഡിജെ ഗുപ്ത സത്യജിത് റായോട് പറയുന്നത്. ആ നോവലിന് ആവശ്യമായ രേഖാചിത്രങ്ങൾ വരയ്ക്കേണ്ട ജോലി റായിക്ക് ആയിരുന്നു. അതുവഴി കഥയിലെ ഓരോ രംഗങ്ങളും ചിത്രങ്ങൾ പോലെ അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞു. തന്റെ സിനിമ ഇതാണെന്ന് അദ്ദേഹം ഹൃദയത്തിൽ ഉറപ്പിച്ചു.

പ്രശസ്ത സംവിധായകൻ Jean Reinor തന്റെ റിവർ എന്ന ചിത്രത്തിലെ ലൊക്കേഷൻ നോക്കാനായി ആയിടയ്ക്കാണ് കൊൽക്കത്തയിൽ എത്തിയത്. അദ്ദേഹവുമായി ഒരു നല്ല സൗഹൃദം സ്ഥാപിക്കാൻ സത്യജിത് റായിക്കായി. ഷൂട്ടിങ്ങിന്റെ വിവിധഘട്ടങ്ങൾ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളും അദ്ദേഹം ഉപദേശമായി റായിക്ക് നൽകി. കൂടാതെ തന്റെ പുതിയ സിനിമയുടെ തിരക്കഥയുടെ ഒരു കോപ്പി റായിക്ക് വായിക്കാനായി നൽകുകയും ചെയ്തു. സിനിമയെപ്പറ്റിയുള്ള റായുടെ സ്വപ്നങ്ങൾക്ക് എല്ലാവിധ ഉത്തേജനവും ആശംസകളും നൽകിയാണ് അദ്ദേഹം കൊൽക്കത്തയിൽ നിന്ന് തിരിച്ചു പോയത്.

DJ കെയ്മർ എന്ന ബ്രിട്ടീഷ് കമ്പനിയിലെ ജോലിയുടെ ഭാഗമായി വന്നുചേർന്ന ഒരു ലണ്ടൻ യാത്ര റായുടെ ചലച്ചിത്ര സങ്കൽപ്പങ്ങളെ തന്നെ മാറ്റിമറിച്ചു. ലണ്ടനിലെത്തിയ അദ്ദേഹം ആദ്യം ചെയ്തത് ലണ്ടൻ ഫിലിം സൊസൈറ്റിയിൽ അംഗമാകുക എന്നതായിരുന്നു അവിടെ ചെലവഴിച്ച 5 മാസത്തിനിടയിൽ നൂറോളം സിനിമകൾ കാണുവാൻ അദ്ദേഹത്തിന് ഭാഗ്യമുണ്ടായി. അതിൽ Vittorio De Sica യുടെ ബൈസൈക്കിൾ തീവ്സ് എന്ന

സിനിമ അദ്ദേഹത്തെ വല്ലാതെ സ്വാധീനിച്ചു. താൻ പഥേർ പാഞ്ചാലിക്കായി ഒരുക്കിയ തിരക്കഥ ഇനിയും ഒരുപാട് മെച്ചപ്പെടാനുണ്ട് എന്ന് അദ്ദേഹം സ്വയം തിരിച്ചറിഞ്ഞു. ഇന്ത്യയിലേക്ക് തിരിച്ചുള്ള കപ്പൽ യാത്രയിലാണ് പഥേർ പാഞ്ചാലിക്ക് ഇന്ന് നമ്മൾ കാണുന്ന രൂപാന്തരം സംഭവിച്ചത്.

നോവൽ സിനിമയാക്കാൻ ആദ്യം വേണ്ടത് ഗ്രന്ഥകർത്താവിന്റെ അനുവാദമാണ് എന്നാൽ, സത്യജിത് റായ് ലണ്ടനിലായിരുന്ന സമയത്താണ് ബിഭൂതി ഭൂഷൻ ബന്ദോപാധ്യായ അന്തരിക്കുന്നത്. അദ്ദേഹത്തിന്റെ വിധവയായ രമണി ബന്ദോപാധ്യായക്ക് മുൻപിൽ അദ്ദേഹം ഈ കാര്യങ്ങൾ അവതരിപ്പിച്ചു. സിനിമയുടെ തിരക്കഥയും വിശദമായ സ്കെച്ചുകളും അവർക്ക് അദ്ദേഹത്തിൽ ഒരു വിശ്വാസം സൃഷ്ടിച്ചു. അവരുടെ അനുവാദം ലഭിച്ചതോടെ സത്യജിത്റേ ഒരു നിർമ്മാതാവിനായി ശ്രമങ്ങൾ ആരംഭിച്ചു. ബംഗാളിലെ പ്രശസ്ത ചലച്ചിത്രകാരൻ ബി എൻ സർക്കാരിനെയാണ് ആദ്യം ഇതിനായി കാണുന്നത്, എന്നാൽ അദ്ദേഹം മറ്റൊരു സിനിമയുടെ നിർമ്മാണത്തിലേക്ക് കിടന്നിരുന്നതിനാൽ പഥേർ പാഞ്ചാലിയിലേക്ക് താൽപര്യം കാണിച്ചില്ല. പിന്നീട് കണ്ട കൽപ്പന മൂവീസിലെ ഭട്ടാചാര്യ, തനിക്ക് അല്പം സാവകാശം തരണമെന്നും തീരുമാനം ഒട്ടും വൈകാതെ അറിയിക്കാമെന്നും പറഞ്ഞു. എന്നാൽ ഈ നിർമ്മാതാവ് രമണി ബന്ദോപാധ്യയെ നേരിട്ട് പോയി കാണുകയും ഈ നോവൽ പ്രശസ്തരായ ഏതെങ്കിലും സംവിധായകരെ കൊണ്ട് ചെയ്യാമെന്നും സത്യജിത്തിനു നൽകരുതെന്നും ആവശ്യപ്പെട്ടു, എന്നാൽ തന്റെ വാക്കു മാറാൻ തയ്യാറല്ല എന്ന് ഉറപ്പിച്ചു പറഞ്ഞു കൊണ്ട് രമണി അദ്ദേഹത്തെ തിരിച്ചയച്ചു. ആ സ്ത്രീ തന്റെ വാക്കിനു നൽകിയ വിലയാണ് ലോകസിനിമാ ഭൂപടത്തിൽ ഇന്ത്യൻ സിനിമയ്ക്ക് സ്ഥാനം ഒരുക്കുന്നതിനു വഴി ഒരുക്കിയത് എന്നത് ഒരു ചിന്തയാണ്.

മൂന്നും - നാലും ലക്ഷത്തിനു സിനിമകൾ ചെയ്യുന്ന ബംഗാളി നിർമ്മാതാക്കൾക്ക് പഥേർ പാഞ്ചാലിയുടെ എഴുപതിനായിരം രൂപ എന്ന ബഡ്ജറ്റ് ഒരു തുകയേ ആയിരുന്നില്ല, പക്ഷേ സൂപ്പർതാരങ്ങളും പാട്ടും നൃത്തവും ആക്ഷനും ഒന്നുമില്ലാത്ത ഈ ചിത്രം ഇങ്ങനെ വിജയിക്കും എന്നതായിരുന്നു നിർമ്മാതാക്കളുടെ വിഷയം. ഒടുവിൽ പരമാവധി ചെലവുകൾ കുറച്ച് സ്വന്തമായി തന്നെ ഈ സിനിമ നിർമ്മിക്കാം എന്ന് റായ് തീരുമാനിച്ചു.

35MM ക്യാമറക്ക് പകരം 16MM ലെടുത്ത് ലബോറട്ടറിയിൽ Blowup ചെയ്താൽ ചെലവ് പകുതിയായി കുറയും എന്ന ആശയം റായ് പ്രവർത്തികമാക്കി. തന്റെ പേരിലുള്ള ഇൻഷുറൻസ് പോളിസി പണയംവെച്ച് ലഭിച്ച 7000 രൂപയും സുഹൃത്തുക്കളുടെ സഹായങ്ങളും എല്ലാം കൂട്ടി 17,000 രൂപ വരെ സംഘടിപ്പിക്കുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞു. ആ തുകയുമായി റായ് തന്റെ സിനിമയുടെ നിർമ്മാണം തുടങ്ങി വച്ചു.

ഇനി കഥാപാത്രങ്ങൾ

സർവ്വജയുടെ റോളിലേക്ക് ഏതാനും നാടകങ്ങളിൽ അഭിനയിച്ചു പരിചയമുള്ള കരുണ ബാനർജി എന്ന വീട്ടമ്മയെ റായ് കണ്ടെത്തി. ഹരിഹര റായിയായി എത്തിയ കനു ബന്ദോപാദ്യായ സാമാന്യം അറിയപ്പെടുന്ന ഒരു നടനായിരുന്നു. ദുർഗ്ഗയായി എത്തിയ ഉമാദാസ് ഗുപ്തയും അപുവായി എത്തിയ സുധീർ ബന്ദോപാധ്യായയും യാതൊരുവിധ സിനിമ നാടക അഭിനയ പരിചയവുമില്ലാത്ത സാധാരണ വിദ്യാർഥികളായിരുന്നു. ഇന്ദിരാ ഠാക്കൂർ (പിഷി) എന്ന വൃദ്ധയുടെ കഥാപാത്രത്തിന് പറ്റിയ ആളെ കണ്ടെത്താൻ അല്പം ഒന്ന് പരിശ്രമിക്കേണ്ടതായി വന്നു. നിഭാ നന്ദിനി എന്നോരു നടിയാണ് അവരുടെ സംരക്ഷണയിൽ കഴിയുന്ന ചുനിബാല എന്ന വൃദ്ധയേ സത്യജിത് റായിക്ക് പരിചയപ്പെടുത്തി കൊടുക്കുന്നത്. 30 വർഷങ്ങൾക്കു മുമ്പുവരെ നാടകത്തിൽ നിറഞ്ഞുനിന്നിരുന്ന ആ വൃദ്ധയെ രൂപംകൊണ്ട അദ്ദേഹത്തിനു ഒരുപാട് ഇഷ്ടപ്പെട്ടു. പക്ഷേ ഈ എൺപതാം വയസ്സിൽ സംഭാഷണങ്ങൾ ഓർമിച്ചു പറയാൻ കഴിയുമോ എന്ന ആശങ്ക അദ്ദേഹം അവരോട് പങ്കുവച്ചു. എന്നാൽ 40-50 വർഷങ്ങൾക്കു മുമ്പ് താൻ അവതരിപ്പിച്ച കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ ഓർത്തു പറഞ്ഞുകൊണ്ട് അവർ റായെ ഞെട്ടിച്ചു എന്ന് തന്നെ പറയാം. ദിവസം 10 രൂപ കൂലി ആവശ്യപ്പെട്ട അവരോട് അതിനെന്താ ദിവസം 20 രൂപ വെച്ച് തരാം എന്ന് അദ്ദേഹം വാക്ക് നൽകി.

ചിത്രീകരണം

കൽക്കത്തയിൽ നിന്ന് ഏകദേശം 60 മൈൽ ദൂരെയുള്ള ഗ്രാമത്തിലെ റെയിൽവേ ട്രാക്കിന് സമീപം കാശി പുല്ല് നിറഞ്ഞ വയലുകളും മൈതാനങ്ങളും റായ് കണ്ടു വച്ചിരുന്നു. അപുവിന്റെയും ദുർഗ്ഗയുടേയും ചില രംഗങ്ങൾ ഇവിടെ ചിത്രീകരിച്ചു കൊണ്ടാണ് സിനിമയുടെ പ്രവർത്തങ്ങൾ ആരംഭിച്ചത്. ദുർഗ മികച്ച രീതിയിൽ അഭിനയിച്ചപ്പോൾ അപുവിന്റെ സ്വാഭാവിക അഭിനയം ക്യാമറയിലെത്തിക്കാൻ അവർ അല്പം പാടുപെട്ടു. റീ ടേക്കുകളിലൂടെ മികവുറ്റ രംഗങ്ങളിലേക്ക് തന്നെ എത്തിക്കുന്നതിന് ഇടയിലാണ് മനസ്സിലായത് ഈ കാശി പുല്ലുകൾക്ക് ഏറെ ആയുസ്സില്ലെന്നത്. പശുക്കൾ മേയാൻ എത്തുക കൂടി ചെയ്തപ്പോൾ ഒരാഴ്ച കൊണ്ട് കാശി പുല്ല് അപ്രത്യക്ഷമായി മാറി.

കൽക്കത്താ നഗരത്തിന്റെ പ്രാന്ത ഭാഗത്തുള്ള ബോറൽ ഗ്രാമത്തിലായിരുന്നു ബാക്കി ചിത്രീകരണം. നോവലിൽ പറയുന്ന നിശ്ചിന്ദപുരിയിലെ പുഴ ഒഴികെ ബാക്കിയുള്ളതൊക്കെ ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഒരു പുഴയ്ക്കു വേണ്ടി മാത്രം ഈ മനോഹര ഗ്രാമം ഉപേക്ഷിക്കേണ്ട എന്ന് റായി തീരുമാനിച്ചു.

പ്രൊഡക്ഷൻ കൺട്രോളറായ അനിൽബാബു എല്ലാ ദിവസവും രാവിലെ 8 മണിക്ക് തന്നെ കാറിൽ നടീനടന്മാരെ ലൊക്കേഷനിൽ എത്തിച്ചു. ഉച്ചയ്ക്ക് ഏകദേശം 12 മണി വരെ ഷൂട്ടിംഗ് നീളും. അതിന് ശേഷം ഭക്ഷണം കഴിഞ്ഞ് വീണ്ടും തുടങ്ങുന്ന ഷൂട്ടിംഗ് വെളിച്ചം കുറയുന്നത് വരെ തുടരും. ഏകദേശം സിനിമയുടെ മൂന്നിലൊന്നു ഭാഗം ചിത്രീകരിച്ചു കഴിഞ്ഞപ്പോൾതന്നെ റായുടെ കൈയിലെ പണവും,കടം മേടിച്ച പണവും,ഭാര്യയുടെ ആഭരണങ്ങൾ പണയം വെച്ച തുകയും എല്ലാം കഴിഞ്ഞിരുന്നു. പണമില്ലാതെ ഷൂട്ടിങ് ഇനി മുന്നോട്ടു പോകാൻ ഒരു മാർഗവും ഇല്ല എന്ന അവസ്ഥയിലെത്തിയപ്പോൾ, പ്രൊഡക്ഷൻ കൺട്രോളറായ അനിൽ ബാബു ഒരു ആശയം കൊണ്ടുവന്നു.

ബംഗാൾ സർക്കാരും റോഡ് നിർമ്മാണ ഫണ്ടും

നമ്മുടെ മുഖ്യമന്ത്രി വിധാൻ ചന്ദ്രറായെ കണ്ടാൽ അദ്ദേഹം ചിലപ്പോൾ സഹായിച്ചേക്കാം എന്ന് അനിൽബാബു പറഞ്ഞു. മുഖ്യമന്ത്രിയും റായുടെ കുടുംബവും ബ്രഹ്മസമാജം അംഗങ്ങൾ ആയതിനാൽ തന്റെ സാഹചര്യങ്ങൾ കേൾക്കുവാൻ അദ്ദേഹം തയ്യാറായേക്കും എന്ന് റായിക്കും തോന്നി. എന്നാൽ അമിതപ്രതീക്ഷകൾ ഒന്നും ഇല്ലാതെ തന്നെയാണ് റായി ആ കൂടി കാഴ്ചക്ക് പോയത്.

സംസാരിച്ചു തുടങ്ങിയപ്പോഴാണ് ബിഭൂതിഭൂഷൺ ബന്ദോപാധ്യായ എന്ന എഴുത്തുകാരനെയോ പഥേർ പാഞ്ചാലി എന്ന നോവലിനെയൊക്കുറിച്ച് മുഖ്യമന്ത്രിയ്ക്ക് കേട്ടറിവു പോലുമില്ല എന്ന് റായിക്ക് മനസ്സിലായത്. ഒടുവിൽ കഥ കേട്ടു കഴിഞ്ഞപ്പോൾ അദ്ദേഹം ചോദിച്ചു അവസാനം ദുഃഖം ആണല്ലോ? അവർ എന്തിനാണ് നാടു വിട്ടു പോകുന്നത് ഗ്രാമത്തിലെ ആളുകൾക്ക് അവരെ സഹായിച്ചുടെ? ഇത് ബംഗാളിലെ വിഖ്യാതമായ ഒരു നോവൽ ആണെന്നും കഥ ഒരുപാടുപേർ വായിച്ചതായതിനാൽ തന്നെ അതിലെ മാറ്റങ്ങൾ അവർക്ക് ഇഷ്ടപ്പെടാൻ സാധ്യതയില്ലെന്നും പറഞ്ഞ് അദ്ദേഹം മുഖ്യമന്ത്രിയെ സമാധാനിപ്പിച്ചു. ഉടനെ അദ്ദേഹത്തിന്റെ അടുത്ത നിഷ്കളങ്കമായ ചോദ്യമെത്തി. ഈ കുടുംബം കമ്മ്യൂണിറ്റി ഡെവലപ്പ് പ്രോജക്ട്ടിൽ അംഗത്വം എടുത്തിരുന്നോ? അങ്ങനെയെങ്കിൽ ശരിക്കും കുടുംബത്തിനും ആ ഗ്രാമത്തിൽ തന്നെ കഴിയാമായിരുന്നല്ലോ?

മുഖ്യമന്ത്രിയുടെ ഈ ചോദ്യം കൂടി കേട്ടപ്പോൾ റായ് തളർന്നുപോയി, അദ്ദേഹം പറഞ്ഞു,സർ ഈ കഥയിൽ ഇനി മാറ്റങ്ങൾ സാധ്യമല്ല, സാറിനു ഞങ്ങളെ എങ്ങനെ സഹായിക്കാൻ കഴിയുമെന്ന് പറഞ്ഞ് തരാൻ പോലും സത്യത്തിൽ എനിക്കറിയില്ല സത്യജിത് റേ സങ്കടത്തോടെ അവസാനിപ്പിച്ചു.

അൽപ്പനേരത്തെ നിശബ്ദതയ്ക്കു ശേഷം മുഖ്യമന്ത്രി പറഞ്ഞു, എടുത്തടുത്തോളം സിനിമ നിങ്ങൾ ഹോം പബ്ലിസിറ്റിയിലെ Mathoor നെ കാണിക്കു, കൂടെ മന്മഥ റായും ഉണ്ടാവും ആൾക്ക് കലയെ പറ്റി

അത്യാവശ്യം ധാരണയുണ്ട്. Mathoor നു അത്ര നല്ല അഭിപ്രായം തോന്നിയില്ല എങ്കിലും മന്മഥ റായ്ക്ക് സിനിമ നന്നായി ബോധിച്ചു. അദ്ദേഹത്തിന്റെ ശുപാർശയിൽ സർക്കാർ ഈ സിനിമയുടെ നിർമ്മാണം ഏറ്റെടുക്കാൻ തീരുമാനിച്ചു. സിനിമയുടെ പേര് പാഥേർ പാഞ്ചാലി (പാതയുടെ പാട്ട്) എന്ന് ആയതിനാൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലെ റോഡ് നിർമാണത്തിനായുള്ള ഫണ്ടിൽപ്പെടുത്തിയാണ് സിനിമക്ക് പണം അനുവദിച്ചത്.

പ്രദർശനം

ഷൂട്ടിംഗ് ഏകദേശം കഴിഞ്ഞ് വരുന്ന അവസരത്തിലാണ് ന്യൂയോർക്ക് മ്യൂസിയം ഓഫ് ആർട്ട് ഡയറക്ടർ മൺറോ വീലർ ഇന്ത്യയിലെത്തുന്നത്. സിനിമയുടെ സ്റ്റില്ലുകൾ കണ്ട അദ്ദേഹം അടുത്ത വർഷത്തെ ഫിലിംഫെസ്റ്റിവലിൽ ഈ സിനിമ ഉറപ്പായും ഉണ്ടാകും എന്ന വാക്ക് കൊടുത്തു.

The man who wanted to be king എന്ന സിനിമയുടെ ഷൂട്ടിങ്ങുമായി ബന്ധപ്പെട്ട് ലൊക്കേഷൻ നോക്കാൻ കൊൽക്കത്തയിലെത്തിയ John Huston,പാഥേർ പാഞ്ചാലിയുടെ പുരോഗതി പറ്റി അറിയുവാൻ ആഗ്രഹിച്ചു. മൻറോ വീലർ ഈ സിനിമയെ പറ്റി ഒരുപാട് സംസാരിച്ചതിനാൽ എഡിറ്റിംഗ് പൂർത്തിയാവാത്ത സിനിമയുടെ റഫ് കട്ടിങ് കാണുവാൻ അദ്ദേഹം താൽപര്യം പ്രകടിപ്പിച്ചു. സിനിമ കണ്ട ഹുസ്റ്റൺ പറഞ്ഞു എത്ര പ്രയാസപ്പെട്ടായാലും ഈ ചിത്രം പൂർത്തിയാക്കണം. ഒരു പ്രിന്റ് സമയത്ത് തന്നെ അമേരിക്കയിലേക്ക് അയച്ചു തരികയും ചെയ്യണം . പറഞ്ഞ സമയത്ത് തന്നെ അവിടെ പ്രിന്റ് എത്തിക്കാൻ രാപകലില്ലാതെ റായി കഷ്ടപ്പെട്ടു. പ്രിന്റിൽ സബ്ടൈറ്റിൽ ചേർക്കുവാനോ, പ്രിന്റ് വെച്ച് സിനിമ മുഴുവൻ ഒന്ന് കണ്ടു നോക്കുവാനോ സമയം കിട്ടാതെയാണ് അദ്ദേഹം ന്യൂയോർക്കിലേക്ക് അത് അയക്കുന്നത്.
തന്റെ സിനിമ ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കപെട്ടു എന്നത് ഏകദേശം രണ്ടു-മൂന്ന് ആഴ്ചകൾക്ക് ശേഷമാണ് സത്യജിത് റായി അറിയുന്നത്. ന്യൂയോർക്കിലെ മ്യൂസിയം ഓഫ് ആർട്ട് ലായിരുന്നു ആദ്യ പ്രദർശനം. ഏതാനും മാസങ്ങൾക്കു ശേഷം സിനിമ ഇന്ത്യയിലും പ്രദർശനത്തിനൊരുങ്ങി മികച്ച പബ്ലിസിറ്റിയോടു കൂടിയാണ് അറോറ ഫിലിം കോർപ്പറേഷൻ ഈ സിനിമ തിയേറ്ററിലെത്തിച്ചത്. കച്ചവടസിനിമയുടെ മസാലക്കൂട്ടുകൾ ഒന്നുമില്ലായിരുന്നിട്ടും ഈ സിനിമ വമ്പൻ വിജയമായി മാറുകയാണുണ്ടായത്.

ഫിലിം ഫെസ്റ്റിവലുകളുടെ ഫെസ്റ്റിവലായ കാനിൽ പ്രദർശിപ്പിക്കാൻ ഈ സിനിമക്ക് ഒരു അവസരം ലഭിച്ചു. അന്ന് വരെ നല്ല സിനിമകളുടെ ചരിത്രമില്ലാതിരുന്ന ഇന്ത്യയിൽ നിന്ന് ഒരു പുതുമുഖ സംവിധായകന്റെ സിനിമ എത്തിയപ്പോൾ ആളുകൾ വരാത്ത സമയത്തെ ഒരു രാത്രി ഷോ ആണ് അതിനു അനുവദിക്കപ്പെട്ടത്.ജൂറി അംഗങ്ങൾ പോലും പലരും അത്

കാണാൻ എത്തിയില്ല.. പക്ഷെ ആ പ്രതികൂല സാഹചര്യത്തിലും അത്ഭുതങ്ങൾ സംഭവിച്ചു. സിനിമ കണ്ടു അത്ഭുതപെട്ടുപോയ ജൂറി, അടുത്ത ദിവസം മുഴുവൻ ജൂറി അംഗങ്ങൾക്കുമായി വീണ്ടും ആ സിനിമ പ്രദർശിപ്പിച്ചു. ഈ തവണ നിറഞ്ഞ സദസ്സിനെ തന്നെയാണ് സിനിമക്ക് ലഭിച്ചത്.ആ വർഷത്തെ Best Human Document എന്ന അവാർഡുമായാണ് പാഥേർ പഞ്ചാലി കാനിൽ നിന്ന് തിരിച്ചെത്തിയത് എത്തിയത്.

കഥാ സംഗ്രഹം✍

(സിനിമയിലെ മർമ്മ പ്രധാനമായ ചില രംഗങ്ങൾ സിനിമ കാണുന്നവരുടെ ആസ്വദനത്തെ ബാധിക്കാതിരിക്കാൻ ഈ കഥാസംഗ്രഹത്തിൽ നിന്ന് ഒഴിവാക്കിയട്ടുണ്ട്)

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, നിശ്ചന്ദിപ്പൂർ എന്ന ബംഗാളി ഗ്രാമത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കഥയുടെ ആഖ്യാനം. ഹരിഹർ റായി എന്ന വിദ്യാസമ്പന്നനായ ഗ്രഹനാഥൻ ഒരു ജന്മിയുടെ വാടക പിരിവുകാരനും രസീത് സൂക്ഷിപ്പുകാരനുമായിരുന്നു. അവിടുന്ന് ലഭിക്കുന്ന വളരെ തുച്ഛമായ ശമ്പളം കൊണ്ട് വീട്ടിലെ അടിസ്ഥാനകാര്യങ്ങൾ പോലും നിർവ്വഹിക്കാൻ പ്രയാസപ്പെടുന്ന സാധാരണക്കാരിയായ ഒരു വീട്ടമ്മയായിരുന്നു സർബജയ. ദുർഗ്ഗയെന്നും അപുവെന്നും പേരായ രണ്ട് മക്കളാണ് ഈ ദമ്പതികൾക്ക് ഉണ്ടായിരുന്നത്. ഇവരുടെ ആശ്രിതയായി കഴിയുന്ന, ഹരിഹര റായുടെ അകന്ന ബന്ധുകൂടിയായ പിഷി എന്ന വൃദ്ധയും കൂടി ചേരുമ്പോൾ മാത്രമേ ഈ കുടുംബം പൂർത്തിയാവുകയുള്ളു.

ഈ ദാരിദ്ര്യത്തിന് നടുവിലും കുട്ടികൾക്ക് തങ്ങളുടെ ജീവിതം മനസ്സ് കൊണ്ട് സന്തോഷകരമാക്കാൻ വേണ്ടതെല്ലാം ലഭിക്കുന്നുണ്ടായിരുന്നു. പലഹാരത്തിന് പുറകേ ഓടുന്നതിലും, ട്രെയിൻ കാണാൻ പോകുന്നതിലും,ഉത്സവത്തിന് പോകുന്നതിലും,നാടകം, ബയോസ്കോപ്പ് തുടങ്ങിയവ നോക്കിയിരിക്കുന്നതിലും ഒക്കെയായി അവർ തങ്ങളുടെ ബാല്യം ആഘോഷിച്ചു.. സമ്പത്ത് പലപ്പോഴും കുട്ടികളുടെ സന്തോഷത്തിന് അളവുകോലാകാറില്ലെല്ലോ..

ദുർഗ്ഗ പലപ്പോഴും മറ്റുള്ളവരുടെ തോട്ടങ്ങളിൽ നിന്ന് പിഷിമാക്കായി പേരയ്ക്കയും മറ്റും പറിച്ചു കൊണ്ടു വരാറുണ്ടായിരുന്നു സർബജയക്ക് തന്റെ മക്കളെ നന്നായി വളർത്താൻ അറിയാത്തതുകൊണ്ടാണ് അവർ മോഷ്ടിക്കുന്നതെന്ന് അയൽക്കാർ അവരെ കുറ്റപ്പെടുത്തി. പിഷി അമ്മായിയാണ് കുട്ടികളെ മോഷ്ടിക്കാൻ പഠിപ്പിക്കുന്നതെന്ന് പറഞ്ഞ് സർബജയ പലപ്പോഴും പിഷി അമ്മായിയോട് വഴക്കുണ്ടാക്കി. ചിലപ്പോഴൊക്കെ പിഷിമാ തന്റെ പായും എടുത്ത് കൊണ്ട് ഇറങ്ങി പോകാറുമുണ്ട്. പക്ഷെ അധികം വൈകാതെ തന്നെ തിരിച്ചെത്തുകയും ചെയ്യും. ഒരിക്കൽ ഗ്രാമത്തിന്റെ അതിർത്തിയിൽ ചെന്ന് തീവണ്ടി

പോകുന്നതും നോക്കി തിരിച്ചെത്തിയ അപുവും ദുർഗ്ഗയും വരുന്ന വഴിയിൽ വെച്ച് പിഷിയുടെ മരണം നേരിട്ട് കാണുന്നു.

ഇനിയെങ്കിലും വീട് പുതുക്കി പണിഞ്ഞില്ലെങ്കിൽ അടുത്ത മഴയ്ക്കപ്പുറം അത് ഉണ്ടാവില്ലെന്ന് തിരിച്ചറിഞ്ഞ ഹരിഹര റായി മെച്ചപ്പെട്ട ഒരു ജോലി തേടി വാരണാസ്സിയിലേക്ക് യാത്രയാകുന്നു. പണവുമായി മഴകാലത്തിനു മുമ്പേ എത്താമെന്ന് പറഞ്ഞുപോയ ഹരിഹര റായിക്ക് പറഞ്ഞ സമയത്ത് എത്താൻ കഴിയുന്നില്ല. ആ മഴക്കാലത്ത് ദീനം വന്ന്, മതിയായ ചികിത്സ പോലും ലഭിക്കാതെ ദുർഗ്ഗ മരണമടയുന്നു.

അത്യാവശ്യ സമ്പാദ്യവുമായി സന്തോഷത്തോടെ കുടുംബത്തെ കാണാനെത്തിയ ഹരിഹര റായി തന്റെ മകളുടെ വിയോഗമറിഞ്ഞു തകർന്നുപോയി. തങ്ങൾക്ക് ദുഃഖങ്ങൾ മാത്രം തന്ന ആ ഗ്രാമവും വീടും ഉപേക്ഷിച്ച് ആ കുടുംബം കാശിയിലേക്ക് ഒരു പുതിയ ജീവിതം തേടി കാളവണ്ടിയിൽ യാത്ര തുടങ്ങുന്നതോടെ പഥേർ പഞ്ചാലി അവസാനിക്കുന്നു...